# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 3, വെള്ളിയാഴ്ച

**നമ്പർ 104**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ആറെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നതും ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതുമായ ചോദ്യ നമ്പർ 303 ഉന്നയിക്കപ്പെട്ടില്ല.)

അടിയന്തരപ്രമേയം :

എടയന്നൂർ ഷുഹൈബ് വധക്കേസിലെ പ്രതിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസിലെ ഗൂഢാലോചന പുറത്തു കൊണ്ടുവരാൻ തുടരന്വേഷണത്തിന് സർക്കാർ തയ്യാറാകാത്തതായി പറയപ്പെടുന്നത് മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കോവൂർ കുഞ്ഞുമോൻ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) അവയവമാറ്റ ശസ്ത്രക്രിയകളുടെ കാലതാമസം ഒഴിവാക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. പി. അനിൽ കുമാർ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ഉത്തര മലബാറിലെ ആചാരസ്ഥാനികന്മാരുടെയും കോലധികാരികളുടെയും വേതനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. കെ. ഹരീന്ദ്രൻ | നെയ്യാർ ലയൺ സഫാരി പാർക്ക് | വനം-വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ആർ. സുനിൽ കുമാർ | സർക്കാർ അംഗീകൃത എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>അനൗദ്യോഗിക അംഗങ്ങളുടെ കാര്യം :</u>

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ :

(i) ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു.

"ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന ഫെഡറൽ തത്വത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ കേന്ദ്രസർക്കാർ ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരത്തിൽ മുഖ്യപങ്ക് കരസ്ഥമാക്കുകയും ജി.എസ്.ടി. പരിധിയിൽ വരാത്ത പെട്രോളിനും ഡീസലിനും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് വലിയ തോതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. കൂടാതെ ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനത്തിന് നീതിയുക്തമായി ലഭിക്കേണ്ട വിഹിതത്തിൽ ഗണ്യമായി കുറവു വരുത്തി കേവലം 1.925 ശതമാനമാക്കുകയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വൻതോതിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതു മൂലമുള്ള നികുതി നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ജനങ്ങളിൽ നിന്ന് സെസ്സ് പിരിക്കുന്നത് തുടരുമ്പോഴും പ്രസ്തുത നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിർത്തലാക്കുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം പൊതുകണക്കിലുള്ള തുക പൊതുകടമായി കണക്കാക്കി വായ്പ എടുക്കുന്നത് പരിമിതപ്പെടുത്തുന്ന നടപടിയും സ്വീകരിക്കുന്നു. സർക്കാർ ഏജൻസികളുടെ വായ്പ, സർക്കാർ കണക്കിൽപ്പെടുന്നില്ലെന്ന് പാർലമെന്റിൽ വ്യക്തമാക്കിയെങ്കിലും കേന്ദ്ര സർക്കാർ അത്തരം വായ്പ എടുക്കുന്നത് തുടരുമ്പോൾത്തന്നെ വിവേചന പൂർണ്ണമായി, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന് കടമെടുക്കാനുള്ള അനുമതിയും അറുപത്തിരണ്ട് ലക്ഷത്തിലധികം വരുന്ന ക്ഷേമപെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകുന്നതിന് സംസ്ഥാനം രൂപീകരിച്ച സാമൂഹ്യസുരക്ഷ പെൻഷൻ ലിമിറ്റഡിന് വായ്പയെടുക്കുന്നതിനുള്ള അനുമതിയും നിഷേധിച്ച് നിർവീര്യമാക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നത്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളേയും പദ്ധതികളേയും ദുർഗമമാക്കുന്ന നയങ്ങളും നടപടികളും തിരുത്തി ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു. "

ശ്രീ. കെ. യു. ജനീഷ് കുമാർ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ശ്രീ. എ. പി. അനിൽ കുമാർ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. എ. കെ. എം. അഷ്റഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് മറുപടി നൽകി. തുടർന്ന് പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) ശ്രീ. എൻ. ഷംസുദ്ദീൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു.

"സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. 2022 -23 ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എം. നൗഷാദ്

ശ്രീ. പി. ഉബൈദുള്ള

(പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവച്ചു.)

2023 മാർച്ച് 6 - ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 - ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

## BULLETIN— PART I

( Brief Record of Proceedings )

*Friday, March 03, 2023*

**No. 104**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Six Questions in the list of Questions posted for the day were answered orally.

(The members belonging to the opposition did not raise question No. 303 which was given notice of and included in the List of Questions.)

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri T. Siddique and five other Members regarding the serious situation reported to have arisen consequent to the non-willingness of the Government for further investigation to bring out the conspiracy in the Edayannur Shuhaib murder case based on the disclosure of the accused in the case.

(As a mark of protest against the attitude of the Government on the Adjournment Motion, the Members belong to opposition staged a walkout.)

*Calling Attention :*

1. Shri Kovoor Kunjumon called the attention of the Minister for Law, Industries and Coir to the necessity to take steps to reopen the private cashew factories in the State. The Minister made a statement thereto.

KNPP.345/2023(ii)

2. Shri A. P. Anil Kumar called the attention of the Minister for Health and Woman and Child Development to the necessity to take steps to avoid delay in organ transplantation surgery and to implement the Mrithasanjeevani Scheme effective by waiving registration fees. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ഉത്തരമലബാറിലെ ആചാരസ്ഥാനികന്മാരുടെയും കോലധികാരികളുടെയും വേതനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. കെ. ഹരീന്ദ്രൻ | നെയ്യാർ ലയൺ സഫാരി പാർക്ക് | വനം-വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ആർ. സുനിൽ കുമാർ | സർക്കാർ അംഗീകൃത എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Private Members' Business :*

I. The Eighth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

II. Resolution on Matters of general public interest :

(i) Shri C. H. Kunhambu as authorized by Shri V. Joy moved the following resolution and spoke :

"ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന ഫെഡറൽ തത്വത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ കേന്ദ്രസർക്കാർ ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരത്തിൽ മുഖ്യപങ്ക് കരസ്ഥമാക്കുകയും ജി.എസ്.ടി. പരിധിയിൽ വരാത്ത പെട്രോളിനും ഡീസലിനും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് വലിയ തോതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. കൂടാതെ ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനത്തിന് നീതിയുക്തമായി ലഭിക്കേണ്ട വിഹിതത്തിൽ ഗണ്യമായി കുറവു വരുത്തി കേവലം 1.925 ശതമാനമാക്കുകയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വൻതോതിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതു മൂലമുള്ള നികുതി നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ജനങ്ങളിൽ നിന്ന് സെസ്സ് പിരിക്കുന്നത് തുടരുമ്പോഴും പ്രസ്തുത നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിർത്തലാക്കുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം പൊതുകണക്കിലുള്ള തുക പൊതുകടമായി കണക്കാക്കി വായ്പ എടുക്കുന്നത് പരിമിതപ്പെടുത്തുന്ന നടപടിയും സ്വീകരിക്കുന്നു. സർക്കാർ ഏജൻസികളുടെ വായ്പ, സർക്കാർ കണക്കിൽപ്പെടുന്നില്ലെന്ന് പാർലമെന്റിൽ വ്യക്തമാക്കിയെങ്കിലും കേന്ദ്ര സർക്കാർ അത്തരം വായ്പ എടുക്കുന്നത് തുടരുമ്പോൾത്തന്നെ വിവേചന പൂർണ്ണമായി, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന് കടമെടുക്കാനുള്ള അനുമതിയും അറുപത്തിരണ്ട് ലക്ഷത്തിലധികം വരുന്ന ക്ഷേമപെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകുന്നതിന് സംസ്ഥാനം രൂപീകരിച്ച സാമൂഹ്യസുരക്ഷ പെൻഷൻ ലിമിറ്റഡിന് വായ്പയെടുക്കുന്നതിനുള്ള അനുമതിയും നിഷേധിച്ച് നിർവീര്യമാക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നത്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളെയും പദ്ധതികളെയും ദുർഗമമാക്കുന്ന നയങ്ങളും നടപടികളും തിരുത്തി ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു."

Shri K. U. Jenish Kumar seconded the resolution and spoke. Shri A. P. Anil Kumar moved an amendment to the resolution.

The following members took part in the discussion;

Shri A. P. Anil Kumar

Shri E. K. Vijayan

Shri A.K.M. Ashraf

Shri M. B. Rajesh, Minister for Local Self Government and Excise on behalf of Minister for Finance replied to the points raised in the discussion. Then the resolution was withdrawn by the leave of the House.

(ii) Shri N. Samsudheen moved the following resolution and spoke :

" സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. 2022 -23-ൽ വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.

Shri Eldose P. Kunnappillil seconded the resolution and spoke.

The following members took part in the discussion;

Shri M. Noushad

Shri P. Ubaidulla

(The motion was adjourned for further discussion.)

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday March 6, 2023.

A. M. BASHEER,

*Secretary.*